ഉദ്ദേശിക്കുന്നു. ഇതിനുപുറമേ ആലപ്പുഴ, കണ്ണൂർ, കാഞ്ഞങ്ങാട്, വടകര എന്നീ മുനിസിപ്പാലിറ്റികളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന മലിനജല നിർമ്മാർജ്ജന പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(ബി) 1999-2000 വർഷത്തിൽ 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) ഈവർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ തിരുവനന്തപുരം, കൊച്ചി, ഗുരുവായൂർ എന്നിവിടങ്ങളിലെ സിവറേജ് സ്കീമിന്റെ വിപുലീകരണമാണ്.

53 (449) ഹൈഡ്രോളജി പ്രോജക്ട്

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡ്രോളജി പ്രോജക്ട് ഏത് വർഷം മുതൽ കേരളത്തിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷങ്ങളിലും ഈ വർഷവും എത്ര കോടി രൂപവീതം ഈ പദ്ധതിക്കായി കേരള സർക്കാർ നീക്കിവച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽ എത്ര തുക പ്രതിവർഷം ചെലവാക്കി;

(ഡി) കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം പദ്ധതി തുടങ്ങിയതുമുതൽ പത്ത് വർഷം എത്ര തുക വീതം ചെലവാക്കണമെന്നായിരുന്നു നിർദ്ദേശം എന്ന് വ്യക്തമാക്കുമോ;

(ഇ) പദ്ധതിയുടെ എത്ര ശതമാനം ഇതുവരെ ചെലവാക്കി;

(എഫ്) മറ്റ് സംസ്ഥാനങ്ങൾ എത്ര ശതമാനം ചെലവാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ഹൈഡ്രോളജി പ്രോജക്ട് 1996 മുതൽ നടപ്പിലാക്കിവരുന്നു.

(ബി)-(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിലുള്ള ഉപരിജല ഘടകം 8.37% ഉം ഭൂജലഘടകം 15.6% ഉം ചെലവാക്കിയിട്ടുണ്ട്.

(എഫ്) മറ്റ് സംസ്ഥാനങ്ങളുടെ വിവരം ശേഖരിച്ചിട്ടില്ല.

54 (450) ശുദ്ധജലവിതരണ പദ്ധതികൾ അനുവദിക്കുന്നതിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണത്തിൽ പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണ പദ്ധതികൾ അനുവദിക്കുന്നതിൽ എന്തെല്ലാം പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ജനകീയാസൂത്രണത്തിൽ പഞ്ചായത്തുകൾക്ക് ശുദ്ധജലവിതരണ പദ്ധതികൾ കൈമാറ്റം ചെയ്യുന്നതിന് 23.11.1998-ൽ ജി.ഒ. എം.എസ്. 125/98/ജല.വ. ആയി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

55 (451) പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ പണി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പ് ചേർപ്പ് നിയോജകമണ്ഡലത്തിൽ പത്തു വർഷത്തിലേറെയായി പണി തുടങ്ങിയ പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ പണി പൂർത്തിയായോ; ഈ പദ്ധതി പ്രവർത്തനം തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണത്തിന് എത്ര സംഖ്യ ചെലവായി;

(സി) ഈ പദ്ധതികൊണ്ട് ഏതൊക്കെ പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുത്തറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ പണികൾ, മോട്ടോറും പമ്പും സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ സക്ഷൻ, ഡെലിവറി പൈപ്പുകളുടെ പണികൾ നടത്തുന്നതിന് 3.60 ലക്ഷം രൂപയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഈ പണികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) 18,34,414/- രൂപ ചെലവായി.

(സി) ഈ പദ്ധതികൊണ്ട് ചേർപ്പ് നിയോജകമണ്ഡലത്തിലെ 6,8,9 എന്നീ വാർഡുകളിലെ 500-ൽപരം ഏക്കർ ഭൂമി ജലസേചനം നടത്താൻ കഴിയുന്നതാണ്.

56 (452) മൈനർ ഇറിഗേഷൻ വകുപ്പിന്റെ പുതിയ പദ്ധതികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly